കർഷകശ്രീ



# ഗിഫ്റ്റ്, കരിമീൻ എപ്പോഴും വളർത്താം

**മത്സ്യം**

**ഡോ. പി.എ. വികാസ്**

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? ഗിഫ്റ്റ് തിലാപ്പിയ, കരിമീൻ എന്നിവയെ വളർത്തുന്നതിന് പ്രത്യേക സീസൺ ഉണ്ടോ. കുഞ്ഞുങ്ങളെ എവിടെ കിട്ടും. ഏതു തരം ജലത്തിൽ വളർത്താനാണ് യോജ്യം. എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം.*

**ബിജുമോൻ**
ചെറായി

● ഗിഫ്റ്റ് തിലാപ്പിയ, കരിമീൻ എന്നീ മീനുകളെ വളർത്താൻ പ്രത്യേക സീസണില്ല. കുളങ്ങളിൽ എപ്പോൾ വേണമെങ്കിലും കൃഷി ചെയ്യാം. തിലാപ്പിയ ശുദ്ധജലത്തിലും കരിമീൻ ഉപ്പുജലത്തിലുമാണ് വളർത്തേണ്ടത്. ചെറിയ ഉപ്പിലും തിലാപ്പിയ വളരും. അതുപോലെ ശുദ്ധജലത്തിലും കരിമീൻ വളരും. എങ്കിലും വാണിജ്യാടിസ്ഥാനത്തിലാകുമ്പോൾ കരിമീൻ ഉപ്പുജലത്തിലും തിലാപ്പിയ ശുദ്ധജലത്തിലും വളർത്തുന്നതാണു നന്ന്. ഗിഫ്റ്റ് തിലാപ്പിയക്കുഞ്ഞുങ്ങൾ എറണാകുളത്ത് വല്ലാർപാടത്തുള്ള ആർജിസിഎ ഹാച്ചറിയിൽ ലഭിക്കും (7598842296, 9942522977). കരിമീൻകുഞ്ഞുങ്ങൾ എറണാകുളം കെവികെയുടെ കീഴിൽ പ്രവർത്തിക്കുന്ന കരിമീൻ വിത്തുൽപാദകസംഘത്തിലും ലഭി ക്കും (9400592315). തിലാപ്പിയയെ കൃത്രിമ ടാങ്കുകളിലും വളർത്താം. എന്നാൽ, കരിമീൻ സ്വാഭാവിക കുളങ്ങളിലും പുഴകളിൽ കൂടുമത്സ്യകൃഷി രീതിയിലും മാത്രമാണ് വളർത്താവുന്നത്. ടാങ്കുകളിൽ വളർച്ച വളരെ കുറയും.